## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:3535 12.12.2014-ൽ മറുപടിയ്ക്ക്

## അച്ചടിവകുപ്പിലെ സ്പെഷ്യൽ റൂൾസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.ഗീതാ ഗോപി** | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) അച്ചടി വകുപ്പ് ( സാങ്കേതിക വിഭാഗം) നിലവിൽ പ്രവർത്തിച്ചുവരുന്നത് ഏതു വർഷത്തിൽ അംഗീകരിച്ച സ്പെഷ്യൽ റൂൾസ് പ്രകാരമാണെന്ന് അറിയിക്കുമോ; | (എ) 1976- ലെ സ്പെഷ്യൽ റൂൾ അനുസരിച്ചാണ് അച്ചടി വകുപ്പിലെ സാങ്കേതികവിഭാഗം പ്രവർത്തിച്ച വന്നിരുന്നത്. എന്നാൽ OP 4484/01, 14124/2000, 18719/2002, 25357/2002, 26559/2001,28990/2001 എന്നിവയിന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 6.1.2009- ലെ ഉത്തരവ് പ്രകാരം ഗവൺമെന്റ് പ്രസ്സുകളിലെ നിയമനങ്ങൾ കരട് സ്പെഷ്യൽ റൂൾ പ്രകാരമായിരിക്കണം നടത്തേണ്ടത് എന്ന് ഉത്തരവായിട്ടുണ്ട്. OP (KAT) 2906/2013, 3432/2013 എന്നിവയിന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 05.02.2014-ലെ ഉത്തരവിൽ സർക്കാർ പ്രസ്സിലെ എല്ലാ നിയമനങ്ങളും സ്ഥാനക്കയറ്റങ്ങളും കരട് സ്പെഷ്യൽ റൂൾസ് പ്രകാരം ആയിരിക്കണമെന്ന് ഉത്തരവാകുകയും തദനുസരണം അച്ചടിവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) പുതുക്കിയ സ്പെഷ്യൽ റൂൾസ് നിയമസഭാ സമിതി അംഗീകരിച്ചതാണോ എന്ന് വ്യക്തമാക്കുമോ; | (ബി) അംഗീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾസ് കരട് അടിസ്ഥാനമാക്കി സ്ഥാനക്കയറ്റവും സ്ഥലംമാറ്റങ്ങളും അനുവദിക്കുന്നതിന് കാരണം വിശദീകരിക്കുമോ; | (സി & ഡി) | 06.01.2009, 05.02.2014 എന്നീ തീയതികളിലെ ബഹു.കേരളഹൈക്കോടതിയുടെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കരട് സ്പെഷ്യൽ റൂൾ പ്രകാരം നിയമനങ്ങളും സ്ഥാനക്കയറ്റവും നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സ്പെഷ്യൽ റൂൾസ് കരട് നടപ്പാക്കുന്നതിന് മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നിയമസാധുത വ്യക്തമാക്കാമോ; | | |
| (ഇ) | സ്പെഷ്യൽ റൂൾസ് ഡ്രാഫ്റ്റ് നടപ്പാക്കുന്നതിന് മുൻകാല പ്രാബല്യം നൽകുന്ന ഏതെങ്കിലും കോടതി ഉത്തരവുകൾ നിലവിലുണ്ടോ എന്നറിയിക്കുമോ? | (ഇ) | 06.01.2009 ലെ ബഹു.ഹൈക്കോടതി വിധിപ്രകാരം കരട് സ്പെഷ്യൽ റൂൾ ടി തീയതിമുതൽ പ്രാബല്യം നൽകി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ